**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 483** **08-06-2021 - ൽ മറുപടിയ്ക്ക്**

**ലോണുകൾക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ ലോണുകൾക്ക് ആറു മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (എ) | 2020 വർഷത്തിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ബാങ്കുകളിൽ നിന്നും വ്യക്തിഗതമായും അല്ലാതെയും എടുത്ത വായ്പകളുടെ തരിച്ചടവുകൾ നടക്കാതെ വരുകയും ചെയ്ത സാഹചര്യത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറിയം അനുവദിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തത്സ്ഥിതി രൂക്ഷമായി തന്നെ തുടർന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ടി മൊറട്ടോറിയത്തിന്റെ കാലാവധി 01.06.2020 മുതൽ 31.08.2020 വരെ വീണ്ടും ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ കോവിഡ്-19 വ്യാപനം വീണ്ടും അതിരൂക്ഷമാകുകയും എല്ലാ മേഖലകളെയും അത് പൂർണ്ണമായി ബാധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും റിസർവ് ബാങ്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടില്ല. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കോവിഡ് വ്യാപനം മൂലം വരുമാനം നഷ്ടപ്പെട്ട സാധാരണക്കാരന് കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ലോൺ, കാലതാമസം ഒഴിവാക്കി | (ബി) | പുതിയ ലോൺ/സ്കീമുകൾ തയ്യാറാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ലഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വെളിപ്പെടുത്തുമോ; | | |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സാധാരണക്കാരന് അതിജീവനത്തിനായി സഹകരണ സ്ഥാപനങ്ങൾ വഴി ഒരു സമഗ്ര പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പുതിയ ലോൺ/സ്കീമുകൾ തയ്യാറാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ